സമഗ്രഗുണമേൻമ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർപ്ലാൻ

ഗവ: യു.പി സ്കൂൾ
താവക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

കണ്ണൂർ ജില്ലയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണ് താവക്കര ഗവ: യു.പി. സ്കൂൾ. വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തി മികച്ച പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി അന്തർദേശീയ നിലവാരത്തിലെത്തിച്ച് രക്ഷിതാക്കളെയും കുട്ടികളെയും നമ്മുടെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി തയ്യാറാക്കുന്നത്.

കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും ഉന്നമനത്തിന് സഹായിക്കുന്ന സാഹചര്യങ്ങൾ ഒരുക്കി ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി വളർത്തുവും മികച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കണ്ണൂർ കോർപ്പറേഷനിലെ മികച്ച വിദ്യാഭ്യാസ കേന്ദ്രമാക്കി നമ്മുടെ വിദ്യാലയത്തെ ഉയർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ : യു.പി. സ്കൂൾ താവക്കര |
| വിലാസം | : സിവിൽ സ്റ്റേഷൻ. പി.ഒ കണ്ണൂർ |
| സ്കൂൾ കോഡ് | : 13381 |
| വിദ്യാഭ്യാസ ഉപജില്ല | : കണ്ണൂർ നോർത്ത് |
| ബി. ആർ. സി | : കണ്ണൂർ നോർത്ത് |
| സി. ആർ. സി | : തായത്തെരു. |
| കോർപ്പറേഷൻ | : കണ്ണൂർ |
| ഇ. മെയിൽ | : govtupsthavakkara@gmail.com. |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ലക്ഷ്യം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും. കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തന പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്.

### പൊതുലക്ഷ്യങ്ങൾ :-

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* കുട്ടികളുടെ സർഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ പൗരന്മാരാക്കുക.

മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

* ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ.
* കുട്ടികളെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക.
* ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പുവരുത്തുക.
* ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവു നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.
* മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കുക.
* അഞ്ച്, ആറ്, ഏഴ് ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
* കുട്ടികളിൽ പാരിസ്ഥിതിക അവബോധം, സാമൂഹിക

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* എസ്.ആർ.ജി. ശാക്തീകരണം
* ഭാഷാശേഷി വികസനം
* ഗണിത ശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം.
* ഒന്നാം ക്ലാസ് ഒന്നാന്തരം
* ഐ.ടി. അധിഷ്ഠിത പഠനം.
* പഠനയാത്രകൾ
* ശാസ്ത്രപോഷണ പരിപാടികൾ
* സ്കൂൾ പത്രം / മാസിക തയ്യാറാക്കൽ
* പച്ചക്കറിത്തോട്ട നിർമ്മാണം.
* ബോധവൽക്കരണ ക്ലാസുകൾ
* കായിക പരിശീലനം
* സുംബ പരിശീലനം
* ശാസ്ത്രാഭിരുചി വളർത്തൽ.
* ശാസ്ത്രപോഷണ പരിപാടികൾ.
* ഹിന്ദി ഭാഷാ പഠന പരിപോഷണം.
* സംയുക്തഡയറി, രചനോത്സവം.
* പാട്ടരങ്ങ്, ഭാഷോത്സവം.
* റിഡേഴ്സ് തിയേറ്റർ, ക്ലാസ് പത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | എസ്. ആർ. ജി<br>പൂർണ്ണ പങ്കാളിത്ത ക്ലാസ്-<br>പി. ടി. എ. | ജൂൺ | | SRG<br>ക്ലാസധ്യാപകർ | HM |
| | -ചിത്രങ്ങൾ പരിചയപ്പെടൽ<br>-ചിത്രകഥാ വീഡിയോ | ജൂൺ | | | |
| | -വായനക്കാർഡുകൾ വായന<br>-വായനോത്സവവും -<br>കഥാവേളയും ഐസിടി<br>സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട്. | ജൂലൈ | | ക്ലാസധ്യാപകർ. | എച്ച്.എം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മേൽനോട്ടം |
|---|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക. | -സ്കൂൾ ലൈബ്രറി – ക്ലാസ് ലൈബ്രറി ആനുകാലിക മാസിക പുസ്തകങ്ങളുടെ ഉപയോഗം കൂടുതൽ മെച്ചപ്പെടുത്തൽ.<br>-വായനമൂല ഒരുക്കി വായന മെച്ചപ്പെടുത്തുക.<br>- വായനോത്സവം, കഥാവേള നടപ്പിലാക്കുക, പത്രവാർത്ത വായന<br>-വായനാനുഭവം പങ്കുവെക്കൽ.<br>-വായനക്കുറിപ്പ് തയ്യാറാക്കൽ.<br>-സാഹിത്യകാരൻമാരുമായുള്ള അഭിമുഖം, വായനാസാമഗ്രികൾ വികസിപ്പിക്കൽ, വർക്ക്ഷീറ്റുകൾ ഒരുക്കൽ, അസംബ്ലിയിൽ പുസ്തക | ജൂലൈ<br><br>ജൂൺ മുതൽ മാർച്ച് വരെ. | | അധ്യാപകർ | എച്ച്.എം. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ | ചുമതല | മോണിറ്ററിങ് |
|---|---|---|---|---|---|
| | പരിചയം, ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി വളരെ രസകരമായി പാഠഭാഗം വിനിമയം ചെയ്യുകയും വായിക്കുകയും ചെയ്യുക. | ജൂൺ to മാർച്ച് | | അധ്യാപകർ | എച്ച്.എം. |
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക. | - സചിത്ര ഡയറിയെഴുത്ത്, രചനോത്സവം, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.<br>- കഥാപൂരണം<br>- കവിതാപൂരണം<br>- ക്ലാസ് പത്രം, സ്കൂൾ പത്രനിർമ്മാണം<br>- വായനക്കുറിപ്പ് തയ്യാറാക്കൽ<br>- വിവിധ ലേഖന മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>- പ്രൊജക്ടുകൾ. | ജൂലൈ മുതൽ മാർച്ച് | | അതാതു ക്ലാസധ്യാപകർ | എച്ച്.എം. |

# ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | - ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമൊരുക്കൽ - -അസംബ്ലി - ക്ലാസ് റൂം - ബാലസഭ.<br>- ഇംഗ്ലീഷ് ഭാഷയിലുള്ള കാർട്ടൂണുകൾ, പ്രസംഗങ്ങൾ, നാടകങ്ങൾ എന്നിവ കേൾക്കാനും കാണാനും ഉള്ള അവസരമൊരുക്കൽ. | ജൂൺ മുതൽ മാർച്ച് | | ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന അധ്യാപകർ | എച്ച്. എം. |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ. | - ഹലോ ഇംഗ്ലീഷ് മോഡൽ പവർ തന്ത്രങ്ങൾ, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ | | | | |
| സ്വതന്ത്ര വായനക്ക് സജ്ജമാക്കൽ | - വായനക്കാർഡുകൾ തയ്യാറാക്കൽ ചുമർ പത്രിക നിർമാണം പതിപ്പുകൾ തയ്യാറാക്കൽ. | | | | |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിം |
|---|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദിഭാഷ എളുപ്പമായി എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | - ഹിന്ദി തിരിച്ചറിയൽ കാർഡ് കുട്ടിയുടെ പേര്, ക്ലാസ്, വിലാസം ഉൾപ്പെടുത്തിയത്. | ജൂൺ | | ഹിന്ദി അധ്യാപിക | എച്ച് എം |
| | - സാങ്കേതിക വിദ്യ ~~സാധ്യതകൾ~~ സാധ്യതകൾ പ്രയോജനപ്പെടുത്തി ഹിന്ദി ഭാഷാ പ്രയോഗങ്ങൾ കാണാനും കേൾക്കാനും അവസരം. | ജൂൺ to മാർച്ച് | | | |
| | ഹിന്ദി അസംബ്ലി | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക. | - ഹിന്ദി നാടകം, സ്കിറ്റ്, റോൾ പ്ലേ.<br>- ഹിന്ദി പതിപ്പ് നിർമ്മാണം അഭിമുഖം, ഹിന്ദി പ്രസംഗം കഥ പറയൽ, കവിത | ജൂൺ to മാർച്ച് | | ഹിന്ദി അധ്യാപിക | [illegible] |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | - ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ ശാസ്ത്രപഠനത്തിന് ആവശ്യമായ സാധനങ്ങൾ പട്ടികപ്പെടുത്തി ശാസ്ത്രമൂല ഒരുക്കൽ.<br>- പരീക്ഷണശില്പശാല സംഘടിപ്പിക്കൽ | ജൂൺ | | സയൻസ് ക്ലബ്ബ് + അധ്യാപകർ | എച്ച്.എം. |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവയുടെ നിർമാണം | ജൂൺ | | സയൻസ് ക്ലബ്ബ് + പരിസ്ഥിതി ക്ലബ്ബ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കൽ | - ലഘുപരീക്ഷണങ്ങൾ<br>- പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.<br>- ശാസ്ത്ര കണ്ടുപിടുത്തങ്ങളുടെയും പരീക്ഷണങ്ങളുടെയും പ്രദർശനം.<br>- ശാസ്ത്രമാഗസിൻ നിർമാണം.<br>- ഊർജ്ജ സംരക്ഷണ പ്രവർത്തനം<br>- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>- ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഒട്ടുതൈകൾ ഉണ്ടാക്കൽ.<br>- ശാസ്ത്രവിസ്മയ ചുമർ നിർമാണം | ജൂലായ് മുതൽ മാർച്ച് | | സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, അധ്യാപകർ, PTA | എച്ച്. എം. |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ കണ്ടെത്തൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | | സാമൂഹ്യശാസ്ത്ര അധ്യാപകർ | എച്ച്. എം. |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരായി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ to മാർച്ച് | | സാമൂഹ്യശാസ്ത്ര അധ്യാപകർ | എച്ച്. എം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മോണിറ്റ |
|---|---|---|---|---|---|
| ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര- അധ്യാപകർ | | എച്ച്. എം. |
| നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ കുറിച്ച് മനസിലാക്കുന്നു. | -തൊഴിൽ ശാല സന്ദർശനം<br>-അഭിമുഖങ്ങൾ.<br>-ഫീൽഡ് ട്രിപ്പ്.<br>-പ്രാദേശിക ചരിത്ര രചന<br>നിറയുന്ന ഭൂപടം | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ്ബ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിങ് |
| --- | --- | --- | --- | --- | --- |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | -വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ ദിവസവും | | സാമൂഹ്യ ശാസ്ത്രക്ലബ്ബ് | അധ്യാപകർ + എച്ച്എം. |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സഹജീവികളോട് സമഭാവന വളർത്തുന്നു. | -സമകാലിക സംഭവങ്ങളെക്കുറിച്ച് സെമിനാർ, സംവാദം സംഘടിപ്പിക്കൽ<br>-പ്രകൃതിദുരന്തങ്ങളെ നേരിട്ട നാടുകൾ, സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര. ക്ലബ്ബ് | |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സുകൾ | സാമ്പത്തികം | ചുമതല | മേൽനോട്ടം |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കുക, ഗണിതപഠനം ആസ്വാദ്യപരവും ഉല്ലാസപ്രദവുമാക്കുക. | -ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഗണിതാശയങ്ങൾ വിനിമയം ചെയ്യുന്നതിനാവശ്യമായ പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കൽ<br>-കുട്ടികൾക്ക് ഗണിതകിറ്റ് തയ്യാറാക്കൽ ക്ലാസിനനുസരിച്ച്. | ജൂൺ | | ഗണിത ക്ലബ്ബ് കൺവീനർ | എച്ച്.എം. |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനും മനക്കണക്ക് വർധിപ്പിക്കുന്നതിന് | -പാഠഭാഗവുമായി ബന്ധപ്പെട്ട മനക്കണക്കുകൾ നിർമിക്കൽ അവതരിപ്പിക്കൽ. പസിലുകൾ, ഗെയിമുകൾ.<br>-ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി ഗണിത വേദിയിൽ ഏർപ്പെടുന്നു. | ജൂൺ to മാർച്ച് | | ഗണിത അധ്യാപകർ | എച്ച്.എം. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കൃത്യത, സൂക്ഷ്മത എന്നിവ പാലിച്ച് വരക്കുന്നതിന് അളവുപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് | സ്വന്തമായി ടാൻഗ്രാം രൂപങ്ങൾ ഉണ്ടാക്കൽ - കലണ്ടർ ഗെയിം ജ്യോമട്രിക്കൽ പാറ്റേൺ നിർമാണം, ജ്യാമിതീയ ചിത്രങ്ങൾ, അളവുപകരണങ്ങൾ നിർമിക്കൽ - ഗണിതമാസിക നിർമാണം. | ജൂലൈ to മാർച്ച് | | ഗണിത അധ്യാപകർ | എച്ച് എം |
| ഗണിതത്തിൽ അഭിരുചി വളർത്തുന്നതിന് | - ഒറിഗാമി പരിശീലനം<br>- കലണ്ടർ നിർമാണം<br>- ഗണിത രൂപങ്ങൾ നിർമിക്കൽ<br>- ഗണിത പ്രദർശനം.<br>- പാറ്റേണുകൾ നിർമിക്കൽ.<br>- ഗണിത ക്വിസ്<br>- ഗണിതമേളകളിലെ പങ്കാളിത്തം. | ആഗസ്റ്റ് മുതൽ മാർച്ച് | | ഗണിത ക്ലബ്ബ് കൺവീനർ | എച്ച് എം |

# കലാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വർധിപ്പിക്കുക | ബാലസഭ, വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സാഹിത്യോത്സവം, പാഠങ്ങൾ ഭാഷോത്സവം തുടങ്ങിയവ നടത്തി അവസരങ്ങൾ ഒരുക്കൽ | ജൂൺ to മാർച്ച് | | ക്ലബ്ബ് കൺവീനർമാർ | ഹെച്ച്. എം. |
| ആധുനിക ശാസ്ത്ര വിദ്യാ സാധ്യതകൾ കലാപരിശീലനത്തിന് പ്രയോജനപ്പെടുത്തുക. | - ആനിമേഷൻ<br>- ഡിജിറ്റൽ പെയിന്റിംഗ്<br>- നാടകങ്ങൾ, നൃത്തം തുടങ്ങിയ കലാരൂപങ്ങൾ കാണാനവസരം. | എല്ലാ മാസവും | | ക്ലബ്ബ് കൺവീനർ | ഹെച്ച്. എം. |

# പ്രവൃത്തിപരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | - ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ നിർമാണ പ്രവർത്തനങ്ങളും ചെയ്യുക.<br>- നിർമാണ ശില്പശാല സംഘടിപ്പിക്കുക.<br>- എംബ്രോയിഡറി, ക്ലേ മോഡലിംഗ് - പരിശീലനം നൽകുക. | ജൂൺ to മാർച്ച് | ക്ലാസ് അധ്യാപകർ | | എച്ച്. എം. |
| പാഴ്‌വസ്തുക്കളിൽ നിന്ന് പലതരങ്ങൾ നിർമിക്കാനുള്ള കഴിവ് വളർത്തുക. | - മേളകളുമായി ബന്ധപ്പെടുത്തി പാഴ്‌വസ്തുക്കളിൽ നിന്ന് പലതരം നിർമാണ പരിശീലനം നൽകുക.<br>- കരകൗശല നിർമാണശില്പശാല<br>- ചോക്ക് നിർമാണം<br>- വേസ്റ്റ് ബക്കറ്റ് നിർമാണം | സപ്തംബർ ഒക്ടോബർ ഡിസംബർ | അധ്യാപകർ & PTA | | എച്ച്. എം. |

# ആരോഗ്യ/കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക. | - കായിക ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കലും ഉറപ്പുവരുത്തലും. | ജൂൺ | സ്പോർട്സ് ചാർജ്ജുള്ള അധ്യാപകൻ | | എച്ച്.എം. |
| | - കായിക പരിശീലനം നൽകൽ. | ജൂൺ to മാർച്ച് | | | |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുക. | - സുംബ ഡാൻസ് പരിശീലനം.<br>- മാസ് ഡ്രിൽ<br>- ഫുട്ബോൾ പരിശീലനം | | മറ്റ് അധ്യാപകർ | | |
| | - സ്കൂൾ സ്പോർട്സ് സംഘടിപ്പിക്കൽ.<br>- നാടൻ കളികളെ പരിചയപ്പെടുത്തൽ.<br>- സ്പോർട്സ് മത്സരങ്ങൾക്കായുള്ള പരിശീലനം നൽകുക | ഡിസംബർ | | | |

## അക്കാദമിക കലണ്ടർ - ദിവസേന - വർഷം മുഴുവൻ

- അക്കാദമിക മേന്മയുള്ള അസംബ്ലി.
- കൃത്യമായ ടൈംടേബിളോടുകൂടിയുള്ള പഠനപ്രവർത്തനങ്ങൾ.
- വാർത്താബോർഡ് തയ്യാറാക്കൽ
- പത്രവാർത്ത വായന
- പുസ്തക പരിചയം - ഇന്നത്തെ പുസ്തകം.
- വായനാക്കുറിപ്പ് അവതരണം.
- നിരന്തര വിലയിരുത്തൽ, മാസ്ഡ്രിൽ.
- പോർട്ട്ഫോളിയോ, കളിപ്പെട്ടി പരിശീലനം
- ഇംഗ്ലീഷ് ഭാഷാ പരിശീലനം
- പച്ചക്കറിത്തോട്ട പരിപാലനം
- ആഴ്ചയിലൊരിക്കൽ വർഷം മുഴുവൻ
- ബാലസഭ (ഭാഷാ ശില്പശാല, ഗണിതശില്പശാല, ശാസ്ത്രശില്പശാല)
- ഒറിഗാമി പരിശീലനം
- ക്വിസ് മത്സരങ്ങൾ
- മനക്കണക്ക് പ്രോത്സാഹനം
- ഡിജിറ്റൽ പെയിന്റിംഗ്
- ബാലസഭ
- ഫുട്ബോൾ പരിശീലനം
- പ്രവൃത്തി പരിചയ പരിശീലനം
- പസിലുകൾ, ഗെയിമുകൾ

# ഉപസംഹാരം

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ വിദ്യാലയവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും ആയ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങളിലൂടെ വേണ്ടത്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള ഈ മാസ്റ്റർപ്ലാനിലൂടെ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികളിലും ഗുണമായ മാറ്റം ഞങ്ങൾ പ്രതീക്ഷിക്കുന്നു. കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും ഉന്നമനത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

Headmaster
Govt. U.P. Sc...